# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പ്രമാടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/PTA/P9-237/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 30/03/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പ്രമാടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/PTA/P9-237/2023 തീയ്യതി: 30/03/2023

## പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-01-2022 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്സ് | ഡെപ്യൂട്ടി ഡയറക്ടർ | 03-03-2023 | 13-03-2023 |
| | | 02-03-2023 | 13-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-03-2023 | 13-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ എൻ പ്രദീപ് കുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി ജയപ്രഭ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ എസ്സ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ കെ. എസ്സ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ നവനിത്ത് എൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ സന്ദീപ് ജേക്കബ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ ഷെറിൻ ജോർജ് | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2021 | 31-03-2022 |
| ഡോ സഗിത സത്യൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ നജ കരുണേശ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി അൻസി എം സലിം | കൃഷി ഓഫീസർ | 01-04-2021 | 11-10-2021 |
| ശ്രീമതി നാദിയ എസ്സ് എ | കൃഷി ഓഫീസർ | 12-10-2021 | 09-03-2022 |
| ശ്രീ രഞ്ജിത്ത് കുമാർ എസ്സ് | കൃഷി ഓഫീസർ | 10-03-2022 | 31-03-2022 |
| ഡോ ഷീന ഗ്രേസ് കോശി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ സുജിത്ത് എസ്സ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ ഹനീഫ എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ദീപിക എസ്സ് | ഐ സിഡി എസ്സ് സൂപ്പർവൈസർ | 01-04-2021 | 07-12-2021 |
| ശ്രീമതി നീതു ഷാരോൺ | ഐ സിഡി എസ്സ് സൂപ്പർവൈസർ | 08-12-2021 | 31-03-2022 |
| ശ്രീമതി നീതു കൃഷ്ണൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി മിനി തോമസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി എൻ ഡി വത്സല | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീ സുബിൻ എസ്സ് ജെ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ സുരേഷ് കുമാർ ആർ | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | കാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | രസീതുകളുടെ പരിപാലനം- അപാകങ്ങൾ | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-12 |
| 13 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചു | 1-13 |
| 14 | വൻ തുക വാടകയിനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു | 1-14 |
| 15 | വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്തില്ല | 1-15 |
| 16 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുത്തില്ല | 1-16 |
| 17 | എഴുമൺ തടത്തിൽകോളനി കുടിവെള്ളപദ്ധതി- കരാർ ലംഘനത്തിനെതിരെ നടപടി സ്വീകരിച്ചില്ല – അധികച്ചെലവ് 9.7 ലക്ഷം | 1-17 |
| 18 | മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ തുക സഹകരണ ബാങ്കിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു | 1-18 |
| 19 | മരണപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്ഷേമ പെൻഷൻ തുക നൽകി | 1-19 |
| 20 | ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ മരണം രജിസ്റ്റർ ചെയ്തതിന്റെ വിവരം മറ്റ് പ്രാദേശിക സർക്കാരുകളെ അറിയിച്ചില്ല | 1-20 |
| 21 | പൊതുമരാമത്ത് പ്രവൃത്തികൾ - ചെറിയ അടങ്കലുള്ള പ്രോജക്ടുകളുടെ ആധിക്യം | 1-21 |
| 22 | സി എഫ് എൽ റ്റി സിയിലേക്ക് വാങ്ങിയ ഉപകരണങ്ങൾ പുനരുപയോഗിച്ചില്ല | 1-22 |
| 23 | പാർട്ട്ബിൽ തുക നൽകി - മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-23 |
| 24 | ഭൂമി വാങ്ങുന്നതിന് ആനുകൂല്യം കൈപ്പറ്റിയവർ ഭവനനിർമ്മാണം ആരംഭിച്ചില്ല | 1-24 |

| | | |
|---|---|---|
| 25 | അഡ്വാൻസ് തുക കൈപ്പറ്റിയ ശേഷം ഭവനനിർമ്മാണം ആരംഭിച്ചില്ല | 1-25 |
| 26 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | 1-26 |
| 27 | മൃഗസംരക്ഷണമേഖലയിലെ പദ്ധതികൾ- മോണിറ്ററിംഗ് നടത്തിയില്ല | 1-27 |
| 28 | കുടിവെള്ള സൗകര്യമില്ലാതെ വലയുന്ന അങ്കണവാടികൾ | 1-28 |
| 29 | ഉല്പാദനമേഖലയിലെ പദ്ധതികൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തുന്നു | 1-29 |
| 30 | ജെന്റർ റിസോഴ്സ് സെന്റർ തുടർ പ്രവർത്തനങ്ങൾ - ചെലവഴിക്കാത്ത വികസനഫണ്ട് സി ഡി എസ്സ് അക്കൗണ്ടിൽ | 1-30 |
| 31 | ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി പ്രത്യേക അക്കൗണ്ട് ആരംഭിച്ചില്ല | 1-31 |
| 32 | സർക്കാർ നിർദ്ദേശം പാലിക്കാതെ പത്രപ്പരസ്യം നൽകുന്നതു മൂലം അധികച്ചെലവ് ഉണ്ടാകുന്നു | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 3 | വായ്പ, വിനിയോഗം എന്നിവയുടെ വിവരം | 4-4 |
| 4 | സ്ഥിരനിക്ഷേപം | 4-5 |
| 5 | ഓഡിറ്റ് റിക്കവറി | 4-6 |
| 6 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-7 |
| 7 | ചാർജ്/സർച്ചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടിന്റെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22സാമ്പത്തിക വർഷത്തെ ബജറ്റ് 20.03.2021 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു .

## 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19.04.22 ലെ 5/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിനായി 21.04.22 ൽ എയിംസിലൂടെ സമർപ്പിച്ചിരുന്ന വാർഷികധനകാര്യപത്രിക വെളിപ്പെടുത്തുന്ന 2021-22 ലെ സംക്ഷിപ്തധനകാര്യ റിസൽട്ടുകൾ ചുവടെ ചേർക്കുന്നു.

1. Receipt&Payment Statement

| മുന്നിരിപ്പ് (അക്കൗണ്ട് നീക്കിയിരിപ്പ്) | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (31.03.2022 പണം+അക്കൗണ്ട് നീക്കിയിരിപ്പ്) |
|---|---|---|---|---|
| 144111853.86 | 114878503 | 129289688.86 | 102645495 | 26644193.86 |

2.Incom&Expenditure Statement

| ആകെ വരുമാനം | ആകെ ചെലവ് | പ്രവർത്തന മിച്ചം | പ്രവർത്തന നഷ്ടം |
|---|---|---|---|
| 213689145 | 210913886 | 2775259 | 0 |

3.Balance Sheet

| ആകെ ആസ്തി മൂല്യം | ആകെ ബാദ്ധ്യത(ജനറൽ ഫണ്ട് ഇല്ലാതെ) | ജനറൽ ഫണ്ട് പൊസിഷൻ |
|---|---|---|
| 150409946.86 | 56271386s | 94138560,06 |

മേൽ വിവരിച്ച ധനകാര്യറിസൽട്ടുകൾ പ്രതിഫലിപ്പിക്കുന്ന ധനകാര്യപത്രിക ഓഡിറ്റിൽ പരിശോധിച്ചതിലും വിശകലനം ചെയ്തതിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ- നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്ന തുക കൃത്യമല്ല. മുൻവർഷത്തെ തുക (30999618) തന്നെയാണ് തൻവർഷവും ഉൾപ്പെടുത്തിയിട്ടുള്ളത്. ഗ്രാന്റ് ചെലവുകൾ റവന്യൂ എക്സ്പെൻഡിച്ചർ ആയി അക്കൗണ്ട് ചെയ്തിരിക്കുകയാണ്. ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

2. ഷെഡ്യൂൾ ബി-4: അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പൂർണ്ണമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ Code-3220100199, 320100299, 320800199 എന്നീ ഹെഡുകളിൽ ഉൾപ്പെട്ടിരിക്കുന്ന തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

3. ഷെഡ്യൂൾ ബി-4 Beneficiary Contributions 297800രൂപ രേഖപ്പെടുത്തിയിരിക്കുന്നു. ആയത് ACR ൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല.

4. ഷെഡ്യൂൾബി-5-code-330200101 ലൈഫ്മിഷൻ സംസ്ഥാനവിഹിതം പ്രസ്തുത ഷെഡ്യൂളിൽ തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു

5.ഷെഡ്യൂൾ ബി-5: Secured Loan From HUDCO- തിരിച്ചടക്കാൻ അവശേഷിക്കുന്ന ലൈഫ്മിഷൻ ലോൺ തുക പ്രസ്തുത ഹെഡിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

6.Deposits Received- ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധ ഇനം ഡിപ്പോസിറ്റുകളുടെ ആകെ തുക സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷികധനകാര്യപത്രികയിലെ വിവിധ ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടില്ല

7. ഷെഡ്യൂൾ B-9 തൊഴിൽനികുതി, ലൈസൻസ്ഫീസ് ഫീസ്, വാടക എന്നീ വരവിനങ്ങളിൽ അഡ്വാൻസ് ആയി ലഭിച്ച തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

8. ഷെഡ്യൂൾ B-11 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് ബി11 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥിര

ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. സചിത്ര സോഫ്റ്റ്‌വെയറിലെ വിവരങ്ങളും കാലികമല്ല.

9.ഷെഡ്യൂൾ B-15 Sundry Debtors Receivables- തൊഴിൽനികുതി, ലൈസൻസ് ഫീസ്, വാടക തുടങ്ങിയ വരവിനങ്ങളുടെ DCB ബന്ധപ്പെട്ട രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

10, ഷെഡ്യൂൾ ബി-16 Prepaid Expenses പ്രസ്തുത ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക കൃത്യമല്ല

11. ഷെഡ്യൾ ബി-18- Loans, Advances And Deposits- അഡ്വാൻസ് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടില്ല.

12.വസ്തുനികതി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷികധനകാര്യപത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14411185.86 |
| വരവ് | 114878503 |
| ആകെ | 129289688.86 |
| ചെലവ് | 102645495 |
| നീക്കിയിരിപ്പ് | 26644193.86 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | *തൻവർഷ വരവ്* | ആകെ | *ചെലവ്* | *നീക്കിയിരിപ്പ്/ലാപ്സായ തുക* |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 20952177 | 20952177 | 20947278 | 4899 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 10112000 | 10112000 | 8936734 | 1175266 |
| വികസനഫണ്ട് (റ്റി.സ്.പി.) | 0 | 412500 | 412500 | 365174 | 47326 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 15779000 | 15779000 | 12795443 | 2983557 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 7660306 | 7660306 | 3751738 | 3908568 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 5562032 | 5562032 | 3596581 | 1965451 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 9351244 | 9351244 | 3213505 | 6137739 |

കേന്ദ്രാവിഷ്കൃത ഫണ്ട്

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ.ആർഇ..ജി.എസ് | 1413171 | 36417339 | 37830510 | 37830157 | 353 |
| ഐ.സി.ഡി.എസ്. | 760067 | 994181 | 1754248 | 792600 | 961648 |

സംസ്ഥാനാവിഷ്കൃത ഫണ്ട്

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 4231465 | 190000 | 4421465 | 3787276 | 634189 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

1.വരവ്കണക്കിലുള്ള അപാകതകൾ

വികസനഫണ്ടിനത്തിൽ (ജനറൽ, എസ്.സി.പി, റ്റി.എസ്.പി) ലൈഫ് മിഷൻ ലോൺ തിരിച്ചടവ്, അംഗൻവാടി ജീവനക്കാർക്ക് ഹോണറേറിയം എന്നീ ഇനങ്ങളിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത തുകയും,വികസനഫണ്ട്(ജനറൽ,റ്റി.എസ്.പി) GO(Rt)നം 2617/2022/fin 31.03.22 പ്രകാരം ലഭിച്ച തുകയും മെയിന്റനൻസ് ഗ്രാന്റ് (റോഡ്) – സ.ഉ. (സാധാ) 1345/22/ധന/26.02.2022 പ്രകാരം കുറവുചെയ്ത 4973000 രൂപയും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 20952177 | 17609209 | 3342968 | ലൈഫ് മിഷൻ ലോൺ ഇനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 1587791/-, അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയം ഇനത്തിൽ കുറവ് ചെയ്ത 1752000/-, GO(Rt)നം 2617/2022/fin 31.03.22 പ്രകാരം ലഭിച്ച 3177 എന്നിവ വരവിൽ ഉൾപ്പെട്ടിട്ടില്ല |
| വികസനഫണ്ട് (എസ് സി പി) | 10112000 | 9474577 | 637423 | ലൈഫ് മിഷൻ ലോൺ ഇനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 637423 വരവിൽ ഉൾപ്പെട്ടിട്ടില്ല |
| വികസനഫണ്ട് (റ്റി.സ്.പി.) | 412500 | 350214 | 62286 | ലൈഫ് മിഷൻ ലോൺ ഇനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 18786 GO(Rt)നം |

| | | | | |
|---|---|---|---|---|
| | | | | 2617/2022/fin 31.03.22 പ്രകാരം ലഭിച്ച 43500 എന്നിവ വരവിൽ ഉൾപ്പെട്ടിട്ടില്ല |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 15779000 | 20752000 | (-) 4973000 | സ.ഉ.(സാധാ) 1345/22 /ധന/26.02.2022 പ്രകാരം കുറവുചെയ്ത 4973000 വരവിൽ കുറവ് ചെയ്തില്ല |
| മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) | 7660306 | 7632537 | 27769 | GO(Rt)നം 2617/2022/fin 31.03.22 പ്രകാരം ലഭിച്ച 27769/-വരവിൽ ഉൾപ്പെട്ടിട്ടില്ല |

2. ചെലവ് കണക്കിലുള്ള അപാകത

വികസനഫണ്ട്(ജനറൽ)അംഗൻ വാടി ജീവനക്കാർക്ക് പ്രതിഫലം ഇനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 584000 ന പകരം സുലേഖ സോഫ്റ്റ് വെയറിൽ 5840000/-എന്ന് തെറ്റായി രേഖപ്പെടുത്തിയതു മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ നെഗറ്റീവ് നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് | AFS പ്രകാരം ചെലവ് (I6) | ചെലവിലുള്ള വ്യത്യാസം | റിമാർക്ക്സ് |
|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 26203278 | 20947278 | (-)5256000 | അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയം ഇനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 584000 ന പകരം 5840000/- എന്ന് GO പ്രോജക്റ്റിൽ (394/22)രേഖപ്പെടുത്തിയതിനാൽ 5256000/- സുലേഖ സ്റ്റേറ്റ്മെന്റിൽ അധികമായി ചെലവ് കാണിച്ചിരിക്കുന്നു |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയ പദ്ധതികളുടെഎണ്ണം | പദ്ധതിച്ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പദ്ധതിച്ചെലവ് ശതമാനം |
|---|---|---|---|---|---|
| | | | | | |
| 324 | 158088523 | 239 | 77828980 | 85 | 49 |

തൻവർഷം വകയിരുത്തിയ തുകയുടെ 49% മാത്രമാണ് പദ്ധതികൾക്ക് ചെലവഴിക്കാൻ സാധിച്ചത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പ്രോജക്ടുകൾ | നടപ്പിലാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 9 | 3794450 | 1825952 |
| വെറ്ററിനറി സർജൻ | 8 | 8 | 4045000 | 1870000 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 3 | 3 | 1125920 | 1545795 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 2 | 240000 | 240000 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 1000000 | 1000000 |
| ഹെഡ്മാസ്റ്റർ | 12 | 8 | 2281500 | 1978441 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 22 | 17 | 69747993 | 21937065 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 5 | 6490000 | 5193364 |
| സെക്രട്ടറി | 48 | 34 | 26820308 | 17781852 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 9 | 2186582 | 1788110 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 196 | 139 | 37184770 | 21063742 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 2071000 | 2071000 |
| ഫിഷറീസ്എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1101000 | 77300 |
| ആകെ | 324 | 239 | 158088523 | 77828980 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1413171 | 1202104 | 2615275 | 2614922 | 353 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്. | 0 | 35215235 | 35215235 | 35215235 | 0 |
| ആകെ | 1413171 | 36417339 | 37830510 | 37830157 | 353 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6,823,700 | 405 |
| വിധവാപെൻഷൻ | 24,815,700 | 1552 |
| വാർദ്ധക്യകാലപെൻഷൻ | 42,976,600 | 2872 |
| വികലാംഗപെൻഷൻ | 6,660,600 | 410 |
| അവിവാഹിതരായ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 150,000 | 12 |

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിററ് നടത്തിയ തീയതി | ഓഡിററ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.08.2017 | 2012-13 മുതൽ 2016-17 വരെ | 18.09.2017 |
| പെർഫോമൻസ് ഓഡിറ്റ് | 02-07-2022 | 04/2021മുതൽ 03/2022വരെ | 13-07-2022 |

## 1-9 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.03-2023തീയതിയിൽ 11.53 A.mന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1640/-(ആയിരത്തി അറുന്നൂറ്റി നാൽപത് രൂപ മാത്രം) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ ആഭ്യന്തര നിയന്ത്രണ സംവിധാനത്തെ സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു:

വിവിധ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും നികുതി, നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിനുമായി ഓഫീസ് ഉത്തരവുകൾ മുഖേന ഉദ്യോഗസ്ഥർക്ക് ചുമതലകൾ വിഭജിച്ച് നൽകിയിട്ടുണ്ട്. എന്നാൽ താരതമ്യേന ഉയർന്ന ജനസംഖ്യയും കൂടുതൽ വിസ്തൃതിയുമുള്ള പഞ്ചായത്തിൽ സ്റ്റാഫിന്റെ എണ്ണം കുറവാണെന്നത് പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. ഓരോ ദിവസവും പിരിച്ചെടുക്കുന്ന നികുതി, നികുതിയേതര വരുമാനത്തിന്റെ കൃത്യത ബന്ധപ്പെട്ട കളക്ഷൻ രജിസ്റ്ററുകളുമായി ഒത്തുനോക്കി പരിശോധിക്കുന്നുണ്ട്. വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി പരിപാലിയ്ക്കുകയും വാർഷിക ഡി.സി.ബി കണക്കാക്കുകയും ചെയ്തിട്ടുണ്ട്. മാസം തോറും സ്റ്റാഫ് മീറ്റിംഗ് നടത്തുന്നുണ്ട്. പദ്ധതികളുടെ അവലോകനത്തിന് നിർവ്വഹണ ഉദ്യോഗസ്ഥരുമായുള്ള മീറ്റിംഗ് നിശ്ചിത ഇടവേളകളിൽ നടത്തിയിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷമായി കൃഷി ഓഫീസറുടെ തസ്തിക ഒഴിഞ്ഞ് കിടക്കുന്നത് കാർഷിക പദ്ധതികളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

സ്റ്റാഫിന്റെ അപര്യാപ്തത നികുതി, നികുതിയേതര വരുമാനത്തിന്റെ പിരിവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വസ്തുനികുതി ഇനത്തിൽ 19 ലക്ഷവും തൊഴിൽ നികുതി ഇനത്തിൽ 4 ലക്ഷവും കുടിശ്ശിക ആയി പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിന് ലഭിച്ച വിവിധ ഗ്രാന്റുകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഓഡിറ്റ് വർഷം ലഭിച്ച ഗ്രാന്റിൽ റോഡ് മെയിന്റനൻസ് ഫണ്ടിനത്തിൽ 29.83 ലക്ഷവും വികസന ഫണ്ട് എസ്.സി.പി ഇനത്തിൽ 11.75 ലക്ഷവും റോഡിതര മെയിന്റനൻസ് ഫണ്ടിനത്തിൽ 39 ലക്ഷവും ചെലവഴിക്കാതെ ലാപ്സാക്കി. സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടുണ്ട്. തനത് ഫണ്ട്, ബി-ഫണ്ട് ചെലവുകൾ, പദ്ധതി നിർവ്വഹണം എന്നിവയുമായി ബന്ധപ്പെട്ട രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നുണ്ട്. ക്ഷേമപെൻഷനുകളുടെ ഗുണഭോക്താക്കളിൽ മരണപ്പെട്ടവരുടെ പെൻഷൻ അക്കൌണ്ട് സസ്പെന്റ് ചെയ്യുതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. വെള്ളക്കരം ഇനത്തിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു. സംയുക്ത പരിശോധനയിലൂടെ പൊതു ടാപ്പുകളുടെ വെള്ളക്കരവും, മീറ്റർ സ്ഥാപനത്തിലൂടെ സ്ട്രീറ്റ് ലൈറ്റ് ചാർജ്ജും കുറയ്ക്കാൻ കഴിഞ്ഞു.

വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

## 1-11 രസീതുകളുടെ പരിപാലനം- അപാകങ്ങൾ

രസീതു പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1) സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ഉപയോഗിക്കാതെ അവശേഷിച്ച രസീതുകൾ ക്രമപ്രകാരം ക്യാൻസൽ ചെയ്തില്ല.

ഉദാ:-രസീത് ബുക്ക് നമ്പർ 152, 154, 159, 162

2) രസീത് ഏതെങ്കിലും കാരണത്താൽ റദ്ദ് ചെയ്യുകയാണെങ്കിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറി സക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല ( ഉദാ: രസീത് ബുക്ക് നമ്പർ 161). രസീതുകൾ റദ്ദ് ചെയ്യുമ്പോൾ നടപടി ക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3) വെറ്റിനറി സർജൻ പണം പിരിവിന് ഉപയോഗിച്ച 163 -ാം നമ്പർ രസീത് ബുക്കിലെ രസീതുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്തി രാജ് നിയമം 204ആം - വകുപ്പ് , 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ്, തൊഴിൽ, കല, ജോലി, ഉദ്യോഗം എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്.

1.ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2021-22 ൽ തൊഴിൽ നികുതി/സ്ഥാപനതൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | തൊഴിൽ നികുതി | |
|---|---|---|---|
| | | ജീവനക്കാർ | സ്ഥാപനം |
| 1 | റേഷൻ കടകൾ(19) | 1st & 2nd | 1st & 2nd |
| 2 | പ്രമാടം ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd | 1st & 2nd |
| 3 | വകയാർ ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd | 1st & 2nd |
| 4 | വി.കോട്ടയം ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd | 1st & 2nd |
| 5 | ഇളകൊള്ളൂർ ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd | 1st & 2nd |
| 6 | ഡിവൈൻ സൗണ്ട് സിസ്ററം | 1st & 2nd | - |
| 7 | എം.ജി.എസ്. വുഡ്സ്, 1/230B | - | 1st & 2nd |
| 8 | സ്നോ വാഷ്, 8/325B | - | 1st & 2nd |
| 9 | എ.എസ്. സർജിക്കൽ ഐറ്റംസ്, 1/288E | - | 1st & 2nd |
| 10 | കാദംബരി ഫ്ലോർമിൽ, 6/1A | - | 1st & 2nd |
| 11 | ക്വാളിറ്റി എൻജിനീയറിംഗ്, 10/302 | - | 1st & |

ടി സ്ഥാപനങ്ങളിലെ തൊഴിൽ നികുതി /സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

2. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2021-22 ൽ പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച ചുവടെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ.നം. | കരാറുകാരുടെ വിവരങ്ങൾ |
|---|---|
| 1 | ഷൈജു മാത്യു. |
| 2 | സതീഷ് .വി. |
| 3 | പി.ജെ.കുര്യൻ |
| 4 | പ്രസാദ് സി.എസ്. |
| 5 | പ്രശാന്തകുമാർ |
| 6 | വി.സി.രാജു |
| 7 | കിഷോർ പി. ദിവാകർ |
| 8 | രാജശേഖരൻ നായർ |
| 9 | സിനിത്ത് വി. |
| 10 | സജി പി. ജോർജ്ജ് |
| 11 | പി.ഡി. പത്മകുമാർ |
| 12 | നിർമ്മല പ്രദീപ് |
| 13 | ജി. അനിൽകുമാർ |
| 14 | സലിം എം. |

| | |
|---|---|
| 15 | സിബി ഡാനിയൽ |
| 16 | ജയകുമാർ ജെ. |
| 17 | അഖിൽ.വി.എസ്. |
| 18 | അസീസ് എം.എം. |
| 19 | ജോസ് എ, |
| 20 | സോണി .എസ്.അച്ചൻ കുഞ്ഞ്. |
| 21 | ടിന ജോസ്. |
| 22 | ജയപ്രകാശ്.സതീഷ് കുമാർ |
| 23 | അലൻ.എ.മാത്യു. |
| 24 | സുഭാഷ്. |
| 25 | സതീഷ് കുമാർ |

ഗ്രാമപഞ്ചായത്തിൽ ടി കരാറുകാർ തൻവർഷം ഏറ്റെടുത്ത് നടത്തിയ മരാമത്ത് പ്രവർത്തികളുടെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതും, ഇവർ മറ്റേതെങ്കിലും ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ആഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

3.ചുവടെ കൊടുത്തിട്ടുള്ള ഭിഷഗ്വരൻമാരിൽ നിന്നും 2021-22 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | ഭിഷഗ്വരൻമാരുടെ പേരു വിവരം |
|---|---|
| 1 | Dr.സ്മിത.വി. |
| 2 | Dr.റിൻസി തങ്കച്ചൻ |
| 3 | Dr.തോമസ് .T.തോമസ് |
| 4 | Dr.D.അനി. |
| 5 | Dr.തുഷാർ .ജി. |

ഭിഷഗ്വരൻമാ രുടെ തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

## 1-13 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചു

(1) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

| ക്രമ നം | സ്ഥാപനങ്ങളുടെ പേര് |
|---|---|
| 1 | മറ്റൂർ എഞ്ചിനിയറിംഗ് വർക്ക്സ്. |
| 2 | ബി.സി.ഡീസൽ സർവ്വീസസ്സ് |
| 3 | യൂണിക്ക് ഡ്രൈവിംഗ് സ്കൂൾ |
| 4 | കൊല്ലം പറമ്പിൽ എഞ്ചിനിയറിംഗ് വർക്ക്സ് |
| 5 | രുദ്ര ആയുർവേദ ക്ളിനിക്ക് |
| 6 | ആൽവിൻ എഞ്ചിനിയറിംഗ് വർക്ക്സ് |
| 7 | കാദംബരി ഫ്ളോർ മിൽ |
| 8 | അന്നം ഫുഡ് പ്രോഡക്ട് |
| 9 | വിളവിനാൽ ഹോട്ടൽ |
| 10 | എ.എസ്. സർജിക്കൽ സിസ്റ്റംസ് |
| 11 | സുനിൽസ് ട്യൂഷൻ സെൻറർ, പ്രമാടം |
| 12 | അക്ഷയ കേന്ദ്രം, പൂങ്കാവ് |

റേഷൻ റീട്ടെയിൽ ഡിപ്പോകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2019) അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 19 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ല.

ടി റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, റേഷന് വ്യാപാരികളുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(3)ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

ചുവടെ ചേർത്തിട്ടുള്ള ക്ഷീരോല്പാദക സഹകരണ സംഘങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവന്ന് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| 1 | പ്രമാടം ക്ഷീരോല്പാദക സഹകരണ സംഘം |
| 2 | വകയാർ ക്ഷീരോല്പാദക സഹകരണ സംഘം |
| 3 | വി.കോട്ടയം ക്ഷീരോല്പാദക സഹകരണ സംഘം |
| 4 | ഇളകൊള്ളൂർ ക്ഷീരോല്പാദക സഹകരണ സംഘം |

എല്ലാ വർഷവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് തൻ വർഷ ടേഡ്രേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിലെ 19 വാർഡുകളിലെയും എല്ലാ സ്ഥാപങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-14 വൻ തുക വാടകയിനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു

വാടക സംബന്ധിച്ച രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചത് പ്രകാരം കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

വാടക രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തൽ വരുത്തിയിട്ടില്ലാത്തതിനാൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാടകക്കാരിൽ നിന്നും മുദ്രപ്പത്രം വാങ്ങി കരാർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയതിൽ ബന്ധപ്പെട്ട കക്ഷികൾ ഒപ്പ് വച്ച് ആധികാരികമാക്കിയിട്ടില്ല. വകയാർ ഷോപ്പിംഗ് കോംപ്ലക്സിലെ അഞ്ച് കടമുറികൾ, വി.കോട്ടയം ഷോപ്പിംഗ് കോംപ്ലക്സിലെ ഏഴ് കടമുറികൾ, പൂങ്കാവ് ഷോപ്പിംഗ് കോംപ്ലക്സിലെ പതിമൂന്ന് കടമുറികളും എട്ട് സ്റ്റാളുകളും, വകയാറിലെ പുതിയ ഷോപ്പിംഗ് കോപ്ലക്സിലെ ഏഴ് കടമുറികൾ എന്നിവയാണ് നിലവിൽ ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയിട്ടുള്ളത്. 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിലെ കുടിശ്ശികയായ 429900 രൂപ നിലവിൽ പിരിഞ്ഞു കിട്ടാനുണ്ടെന്ന് 06.03.2023ലെ 4-ാം നമ്പർ എൻക്വയറിയ്ക്ക് മറുപടിയായി അറിയിച്ചു. വാടക കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | കടമുറികൾ | 2019-20 | 2020-21 | 2021-22 | ആകെ | റിമാർക്സ്. |
|---|---|---|---|---|---|---|
| 1 | വകയാർഷോപ്പിംഗ് കോംപ്ലക്സ് | | | | | |
| | എ.ഇ, കെ.എസ്.ഇ.ബി | | | 28798 | 28798 | |
| | | | | | | |
| 2 | വി.കോട്ടയം ഷോപ്പിംഗ് കോംപ്ലക്സ് | | | | | |
| | റൂം നംമ്പർ-1 കെ.എസ്.പ്രദീപ് | | | 1800 | 1800 | |
| | റൂം നംമ്പർ-4 | | | 1700 | 1700 | |

| | | | | | | |
|---|---|---|---|---|---|---|
| | അനിത കുമാരി | | | | | |
| | റൂം നംമ്പർ-7മനോജ്.കെ.പി | | 3080 | 16324 | 19404 | R.Rനൽകി |
| 3 | പൂങ്കാവ് ഷോപ്പിംഗ് കോംപ്ലക്സ് | | | | | |
| 4 | റൂം നംമ്പർ-7 ലിസി ജോഷ്വാ | 112176 | 117780 | 123672 | 353628 | |
| 5 | റൂം നംമ്പർ-4 | 5250 | 9456 | 9864 | 24570 | R.Rനൽകി |
| | | | | | ആകെ | 429900 |

കുടിശ്ശികത്തുക താമസംവിനാ പിരിച്ചെടുക്കുന്നതിനും രജിസ്റ്ററുകളും രേഖകളും കൃത്യമാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്തില്ല

വസ്തു നികുതി ദീർഘകാലം കുടിശ്ശിക ഉള്ള കെട്ടിടങ്ങളുടെ വിവരം (സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ളത്) ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | കുടിശ്ശിക ഉള്ള വർഷം | നാളിതുവരെയുള്ള കുടിശ്ശിക |
|---|---|---|---|---|---|
| 1. | 1 | 622/G | Secretary(S.N.D.P. Branch No.361,Pramadom,Mallassery P.O. | 2018-19 മുതൽ | 6448 |
| 2. | 1 | 622/H | Secretary(S.N.D.P. Branch No.361,Pramadom,Mallassery P.O. | 2018-19 മുതൽ | 14268 |
| 3. | 1 | 622/I | Secretary(S.N.D.P. Branch No.361,Pramadom,Mallassery P.O. | 2018-19 മുതൽ | 17400 |
| 4. | 1 | 622/J | Secretary(S.N.D.P. Branch No.361,Pramadom,Mallassery P.O. | 2018-19 മുതൽ | 22744 |
| 5. | 2 | 35 | Adv Jagan Mathew(Kadavil Veedu,Kumbazha P O) | 2015-16 മുതൽ | 2358 |
| 6. | 2 | 224 | Geethakumari(Kuzhicharivupurayidathil,Mallassery P.O., | 2014-15മുതൽ | 2881 |
| 7. | 2 | 453/A | Ratheesh K V /Raji Rajan K(Kottakkuzhiyil,Palamaroor,Mallassery P.O. | 2013-14മുതൽ | 4080 |
| 8. | 4 | 352/C | Anumon V(sreebhavan,Elakolloor P.O. | 2013-14 മുതൽ | 1692 |
| 9. | 4 | 414 | Omanayamma(Mohanavilasam,Elakolloor P.O | 2011-12 മുതൽ | 1030 |
| 10. | 4 | 486/A | Chinnamma Mathai(Mannil Veedu,Elakolloor,Elakolloor P.O. | 2015-16 മുതൽ | 3685 |
| 11. | 6 | 231/A | Anil Kumar(Anil Bhavanam,Elakolloor P.O) | 2013-14 മുതൽ | 2907 |
| 12. | | 232 | Jose K P(Kumaramparambil,Thengukavu P.O | 2012-13 മുതൽ | 1329 |
| 13. | 7 | 220/B | P.C Joseph(Puthanpurakal Veedu,Elakolloor P.O. | 2008-09 മുതൽ | 322 |
| 14. | 8 | 122/A | Santhakumariyamma(Sreenilayam,V Kottayam P.O. | 2014-15 മുതൽ | 3107 |

| | | | | | |
|---|---|---|---|---|---|
| 15. | 8 | 529/A | Kunjumon K S(Kalluvelil Meprathuveedu),Samuel(Kalluvelil Meprathuveedu | 2013-14 മുതൽ | 846 |
| 16. | 9 | 219 | Shajahan Abbas(Jasmi Mansil) | 2018-19 മുതൽ | 4604 |
| 17. | 9 | 220 | Shajahan(Jasmi Mansil,Vakayar) | 2018-19 മുതൽ | 31288 |
| 18. | 9 | 221 | Shajahan Abbas(Jasmi Mansil) | 2018-19 മുതൽ | 14728 |
| 19. | 9 | 222 | Shajahan(Jasmi Mansil,Vakayar) | 2018-19 മുതൽ | 7364 |
| 20. | 9 | 223 | Shajahan Abbas(Jasmi Mansil) | 2018-19 മുതൽ | 18404 |
| 21. | 17 | 247 | N.S.S Karayogam Vaka Kettidam | 2014-15 മുതൽ 2017-18 വരെയുള്ള കുടിശ്ശിക | 1704 |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നികുതി പിരിച്ചെടുക്കാതെ കാലഹരണപ്പെടുന്ന പക്ഷം പിരിച്ചെടുക്കുന്നതിന് ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടങ്ങളുടെ നികുതി പിരിച്ചെടുത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുത്തില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള ബി.എസ്.എൻ.എൽ., ഭാരതി എയർടെൽ ടവറുകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മൊബൈൽ ടവ്വറിന്റെ വിവരങ്ങൾ | കുടിശ്ശിക കാലയളവ് | വസ്തു നികുതി കുടിശ്ശിക |
|---|---|---|---|
| 1 | 15/498, ഭാരതി എയർടെൽ | 2021-22 | 13632 |
| 2 | 15/496/C, ബി.എസ്.എൻ.എൽ. | 2018-19 - 2021-22 | 44730 |
| 3 | 16/186/A, ബി.എസ്.എൻ.എൽ. | 2018-19 - 2021-22 | 44730 |
| 4 | 17/142, ബി.എസ്.എൻ.എൽ. | 2018-19 - 2021-22 | 38340 |

മൊബൈൽ ടവ്വറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-17 എഴുമൺ തടത്തിൽകോളനി കുടിവെള്ളപദ്ധതി- കരാർ ലംഘനത്തിനെതിരെ നടപടി സ്വീകരിച്ചില്ല – അധികച്ചെലവ് 9.7 ലക്ഷം

2016 ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം വാട്ടർ അതോറിറ്റി ആദ്യം ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും ഡെപ്പോസിറ്റ് ചെയ്ത് 2 വർഷം കഴിഞ്ഞിട്ടും പ്രവൃത്തി ടെണ്ടർ ചെയ്ത് കരാർ നൽകിയില്ല. തുടർന്ന് 2018 ലെ ഷെഡ്യൂൾ നിരക്ക് അനുസരിച്ച് ആദ്യത്തെ എസ്റ്റിമേറ്റ് തുക പുതുക്കിയപ്പോൾ 9.7 ലക്ഷം രൂപയുടെ വർദ്ധനവ്. കരാർ ലംഘനത്തിനെതിരെ നടപടികളൊന്നും സ്വീകരിക്കപ്പെട്ടുമില്ല.

വാർഡ് 13 ൽ എഴുമൺ തടത്തിൽകോളനി കുടിവെള്ളപദ്ധതിയ്ക്ക് 2510 മീറ്റർ നീളത്തിൽ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിന് 4.11.2019 ലെ ഡിബി3/314/13 നമ്പർ ആയി 2520000 രൂപയുടെ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി, പത്തനംതിട്ട-യിൽ നിന്ന് ലഭ്യമാക്കിയിരുന്നു. ടി എസ്റ്റിമേറ്റ് DSR 2016 പ്രകാരമുള്ളതായിരുന്നു. വാട്ടർ അതോറിറ്റിയും പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടതായിട്ടുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. എന്നാൽ കരാർ വച്ചിട്ടുണ്ടെന്ന്

9.10.2020 ൽ C1/7461/2020 നമ്പർ ആയി പഞ്ചായത്ത് സെക്രട്ടറി ജില്ലാപ്പഞ്ചായത്ത് സെക്രട്ടറിയ്ക്ക് അയച്ച കത്തിൽ നിന്ന് വ്യക്തമാകുന്നുണ്ട്.

2019-20 ൽ 17.20 ലക്ഷം രൂപ അടങ്കൽ വകയിരുത്തിയ S298/20 നമ്പർ പദ്ധതി പ്രകാരം 1710000 രൂപ വാട്ടർ അതോറിറ്റിയ്ക്ക് ഒടുക്കിയിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽനമ്പർ/UTR നമ്പർ, തീയതി | ഡെപ്പോസിറ്റ് ചെയ്ത തുക | റിമാർക്സ് |
|---|---|---|
| 813153/13.11.2019 | 500000 | പഞ്ചായത്ത് വിഹിതം |
| UTR 12154/ 17.4.2020 | 400000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| UTR 12140/ 17.4.2020 | 410000 | |
| UTR 12124/ 17.4.2020 | 400000 | |

S218/21 നമ്പർ ആയുള്ള സംയുക്ത പദ്ധതി പ്രകാരം ജില്ലാപ്പഞ്ചായത്ത് 810000 (UTR 837655636/ 19.1.2021) രൂപ വാട്ടർ അതോറിറ്റിയ്ക്ക് ഒടുക്കിയിരുന്നു.

എന്നാൽ DSR 2018 പ്രകാരം റേറ്റ് റിവിഷൻ വന്നതിനാലും, 1.1.22 മുതൽ 18 % ജി.എസ്.റ്റി വന്നതിനാലും പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 3490000 രൂപ ആയി പുതുക്കിയതായി 14.2.2022 ലെ DB3-392/2020-21 നമ്പർ ആയി വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ സെക്രട്ടറിയെ അറിയിച്ച്, 34.9 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് നൽകി.

മേൽസൂചിപ്പിച്ച തുക നിക്ഷേപിച്ചതു കൂടാതെ 2021-22ലെ പദ്ധതി മുഖേന 1000000 രൂപ ജില്ലാപ്പഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട് എന്ന് 15.2.2022ലെ C1/569/22 നമ്പർ ആയി സെക്രട്ടറി വാട്ടർ അതോറിറ്റിക്ക് നൽകിയ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിശദാംശം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതനുസരിച്ച് ആകെ 3520000 രൂപ (1710000 + 810000 + 1000000) വാട്ടർ അതോറിറ്റിയിൽ ഒടുക്കിയെന്നും, പ്രവൃത്തികൾ പൂർത്തീകരിയ്ക്കണമെന്നും ടി കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാപ്പഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി നേരിട്ട് ഒടുക്കിയ 10 ലക്ഷം രൂപയുടെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

എന്നാൽ വാട്ടർ അതോറിറ്റി ഇതേവരെ പ്രവൃത്തി കരാർ ഏൽപിച്ച് പൂർത്തീകരിച്ചതായി വിശദാംശം ലഭ്യമാക്കിയിട്ടില്ല. ആദ്യം 4.11.2019 ൽ ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം മുഴുവൻ തുകയും ഡെപ്പോസിറ്റ് ചെയ്തശേഷം, 2 വർഷം കഴിഞ്ഞും പ്രവൃത്തി പൂർത്തീകരിയ്ക്കാതെ, ഷെഡ്യൂൾ നിരക്ക് വ്യത്യാസം മൂലം അടങ്കൽ വർദ്ധിപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ചെയ്യേണ്ടി വന്നതിനാൽ, 9.7 ലക്ഷം രൂപയുടെ അധികച്ചെലവിന് ഇടയാക്കി. വാട്ടർ അതോറിറ്റി കരാർ ലംഘനം നടത്തിയിട്ടും ആയത് സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരാഞ്ഞതും കരാർ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതും അപാകം ആണ്. ഈ വിഷയത്തിൽ പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യം സംരക്ഷിക്കുന്നതിന് ഉതകുന്ന നടപടികൾ സ്വീകരിയ്ക്കുന്നതിനുള്ള സാദ്ധ്യത ആരായുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

## 1-18 മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ തുക സഹകരണ ബാങ്കിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു

സഹകരണ ബാങ്ക് മുഖേന ഡയറക്ട് റ്റു ഹോം രീതിയിൽ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിനുശേഷവും സസ്പെന്റ് ചെയ്യാതിരുന്നതിനാൽ ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക സഹകരണബാങ്ക് അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടാനിടയായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറിയ പെൻഷൻ തുക | |
|---|---|---|---|---|---|
| | | | | കാലയളവ് | തുക |
| ശാമുവേൽ സി | 104080100542 | കർഷക തൊഴിലാളി പെൻഷൻ | 03/02/2021 | 2/2021-04/2021 | 4600 |
| സഹറുബാൻബീവി | 104080601528 | വിധവ പെൻഷൻ | 27.02.2021 | 2/2021-4/2021 | 4600 |

| | | | | | |
|---|---|---|---|---|---|
| ഭാസ്കരൻ സി.കെ | 104080100804 | കർഷക തൊഴിലാളി പെൻഷൻ | 25.02.2021 | 2/2021-4/2021 | 4600 |
| തോമസ്സ് മത്തായി | 104080200140 | വാർദ്ധക്യകാല പെൻഷൻ | 14.03.2021 | 3/2021-4/2021 | 3100 |
| കമലാക്ഷിയമ്മ | 104080200123 | വാർദ്ധക്യകാല പെൻഷൻ | 15.03.2021 | 3/2021-4/2021 | 3100 |
| ശാമുവേൽ . തങ്കമ്മ | 104080201799 . 104080200442 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 17.03.2021 | 3/2021-4/2021 | 3100 |
| സദാനന്ദൻ | 104080200117 | വാർദ്ധക്യകാല പെൻഷൻ | 27.03.2021 | 3/2021-4/2021 | 3100 |
| കുഞ്ഞുമോൾ | 104080203098 | വാർദ്ധക്യകാല പെൻഷൻ | 19.03.2021 | 3/2021-4/2021 | 3100 |
| തങ്കമ്മ | 104080200442 | വാർദ്ധക്യകാല പെൻഷൻ | 23.03.2021 | 3/2021-4/2021 | 3100 |
| മേരി ജോർജ്ജ് | 104080600990 | വിധവ പെൻഷൻ | 22.03.2021 | 3/2021-4/2021 | 3100 |
| സരസമ്മ | 104080601506 | വിധവ പെൻഷൻ | 26.06,2020 | 7/2020-4/2021 | 14200 |
| സരസമ്മ | 104110100131 | കർഷക തൊഴിലാളി പെൻഷൻ | 20.04.2021 | 5/2021-09/2021 | 8000 |
| പാറുക്കുട്ടി | 104080201628 | വാർദ്ധക്യകാല പെൻഷൻ | 18.03.2021 | 3/2021-12/2021 | 15900 |
| കമലാക്ഷി | 104080100302 | കർഷക തൊഴിലാളി പെൻഷൻ | 02.05.2021 | 5/2021-12/2021 | 12800 |
| കുഞ്ഞ്കുഞ്ഞ് | 104080200272 | വാർദ്ധക്യകാല പെൻഷൻ | 11.05.2021 | 5/2021-6/2021 | 3200 |
| ജാനകിയമ്മ | 104080200748 | വാർദ്ധക്യകാല പെൻഷൻ | 10.05.2021 | 5/2021 | 1600 |
| ഭാസ്കരൻ കെ | 104080100217 | കർഷക തൊഴിലാളി പെൻഷൻ | 23.02.2022 | 2/2022 | 1600 |
| പൊന്നമ്മ | 104080400126 | ഡിസബിലിറ്റി പെൻഷൻ | 14.03.2021 | 2/2021-4/2021 | 4600 |
| സരസമ്മ | 104080600488 | വിധവ പെൻഷൻ | 05.03.2022 | 2/2022-4/2022 | 4800 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9 13.03.2023) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കളുടെ മരണശേഷം സഹകരണ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയ തുക തിരികെ ഈടാക്കി ഡി ബി റ്റി സെല്ലിൽ അടവാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 മരണപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്ഷേമ പെൻഷൻ തുക നൽകി

സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും, ടിയാളുടെ മരണം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിൽതന്നെ റിപ്പോർട്ടു ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ടു ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ റദ്ദ് ചെയ്യേണ്ടതാണെന്നെന്ന് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ് (സർക്കുലർ നം.എസ്.എഫ്.സി.ബി/71/2017/ധന, തീ.22.09.2017). എന്നാൽ പഞ്ചായത്തിൽനിന്നും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്ന ഗുണഭോക്താക്കൾ മരണപ്പെടുകയും, അവരുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തതിനുശേഷവും സമയബന്ധിതമായി ഇവരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കിയില്ല. പരിശോധിച്ചതിൽ ഭൂരിപക്ഷം ഗുണഭോക്താക്കളുടെ കാര്യത്തിലും പെൻഷണർമാരുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിനുശേഷമാണ് പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ടിട്ടുള്ളത്. ഇതുമൂലം ഗുണഭോക്താക്കളുടെ മരണശേഷവും ഇവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യപ്പെടുകയും, ആയത് മരണപ്പെട്ടവരുടെ അനന്തരാവകാശികൾ കൈപ്പറ്റാൻ ഇടയാകുകയും ചെയ്തു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറിയ പെൻഷൻ തുക | | അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|---|
| | | | | കാലയളവ് | തുക | |
| ജാനകിയമ്മ | 104080600536 | വിധവ പെൻഷൻ | 02.02.2021 | 3/2021-4/2021 | 3100 | XXXXXX155 1500 |
| തങ്കപ്പൻ നായർ | 104080203195 | വാർദ്ധക്യകാല പെൻഷൻ | 17.03.2021 | 4/2021 | 1600 | XXXXXX200 |
| ഭവാനിയമ്മ എം കെ | 104080100284 | കർഷക തൊഴിലാളി പെൻഷൻ | 05.03.2021 | 4/2021 | 1600 | XXXXXX298 |
| ഗോപാലകൃഷ്ണൻ നായർ | 104080202080 | വാർദ്ധക്യകാല പെൻഷൻ | 01.03.2021 | 4/2021 | 1600 | XXXXXX854 |
| മാത്യു കെ എം | 104080201252 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 18.03.2021 | 4/2021 | 1600 | XXXXXX896 |
| വിദ്യാധരൻ | 104080201977 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 24.03.2021 | 4/2021 | 1600 | XXXXXX523 |
| സുമാംഗി | 104080200855 | വാർദ്ധക്യകാല പെൻഷൻ | 10.02.2021 | 3/2021-4/2021 | 3100 | XXXXXX927 |
| കെ കെ ഗോവിന്ദൻ | 104080200209 | വാർദ്ധക്യകാല പെൻഷൻ | 24.03.2021 | 4/2021 | 1600 | XXXXXX643 |
| സരസമ്മ | 104080601506 | വിധവ പെൻഷൻ | 26.06.2020 | 7/2020-4/2021 | 14300 | XXXXXX124 |
| ഭാർഗ്ഗവി | 104080200494 | വാർദ്ധക്യകാല പെൻഷൻ) | 26.02.2022 | 3/2022-4/2022 | 3200 | XXXXXX837 |
| തങ്കമ്മ | 104080600901 | വിധവ പെൻഷൻ | 13.03.2022 | 4/2022 | 1600 | XXXXXX181 |
| ആകെ | | | | | 34900 | |

മരണപ്പെട്ടവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക

ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽനിന്നും ഈടാക്കുന്നതാണെന്ന് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ് (നം.67/2020/ധന, തീ. 05.11.2020). ഇത് സംബന്ധിച്ച് സർക്കാർ കാലകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുണ്ട്. മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ അനന്തരാവകാശികളിൽ നിന്നും തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഉദാഹരണങ്ങൾ മാത്രമാണ് മേൽ ചേർത്തിരിക്കുന്നത്. പെൻഷൻ സസ്പെന്റ് ചെയ്ത എല്ലാ ഗുണഭോക്താക്കളുടെയും പെൻഷൻ വിതരണ വിവരങ്ങൾ പരിശോധിച്ച് അധികം നൽകിയ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-20 ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ മരണം രജിസ്റ്റർ ചെയ്തതിന്റെ വിവരം മറ്റ് പ്രാദേശിക സർക്കാരുകളെ അറിയിച്ചില്ല

പ്രാദേശിക സർക്കാരുകളിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരുകളിൽ സ്ഥിരതാമസം ഉള്ള വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10-ാം തീയതിയ്ക്കു മുൻപായി അറിയിക്കേണ്ടതാണെന്നും അതനുസരിച്ച് ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറി ആയത് പരിശോധിച്ച് അനർഹരായ/ മരണപ്പെട്ട വ്യക്തികളെ പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണെന്നും 02.08.2021ലെ ധന വകുപ്പിന്റെ 63/2021 സർക്കുലർ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ഗ്രാമപ്പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന മരണം മറ്റ് പ്രാദേശിക സർക്കാരുകളെ അറിയിക്കുന്നില്ല. അതുകൊണ്ടുതന്നെ അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാബേസിൽ നിന്നും യഥാസമയം ഒഴിവാക്കാത്തതിനാൽ ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാനിടയായി. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ഗ്രാമപ്പഞ്ചായത്തിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറിയ പെൻഷൻ തുക | | അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|---|---|
| | | | | | കാലയളവ് | തുക | |
| നാണിയമ്മ | കോന്നി ഗ്രാമപ്പഞ്ചായത്ത് | 104060100094 | കർഷക തൊഴിലാളി പെൻഷൻ | 29.03.2021 | 4/2021- 12/2022 | 33600 | XXXXXX384 |
| ശിവൻ പിള്ള | വള്ളിക്കോട് ഗ്രാമപ്പഞ്ചായത്ത് | 104100200978 | വാർദ്ധക്യകാല പെൻഷൻ | 20.06.2021 | 6/2021-04/2022 | 17600 | ഡയറക്റ്റ് ഹോം |
| സരസമ്മ | മൈലപ്ര ഗ്രാമപഞ്ചായത്ത് | 104000600010 | വിധവാ പെൻഷൻ | 22.03.2021 | 3/2021-04/2022 | 22300 | ഡയറക്റ്റ് ഹോം |

സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-21 പൊതുമരാമത്ത് പ്രവൃത്തികൾ - ചെറിയ അടങ്കലുള്ള പ്രോജക്ടുകളുടെ ആധിക്യം

ഓഡിറ്റ് വർഷം പഞ്ചായത്ത് പൊതുമരാമത്ത് പ്രവൃത്തികൾക്ക് ആവിഷ്കരിച്ച 196 പദ്ധതികളിൽ ൽ 76 എണ്ണവും 1 ലക്ഷം രൂപ വരെ അടങ്കൽ ഉള്ളവയായിരുന്നു. 75 മരാമത്ത് പ്രവൃത്തികൾ 1 ലക്ഷത്തിന് മുകളിലും രണ്ട് ലക്ഷം വരെയും അടങ്കലുള്ളവയായിരുന്നു. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് പ്രോജക്ടുകൾ ഏറ്റെടുത്തതിനാലാണ് കുറഞ്ഞ അടങ്കൽ തുകയുള്ള പ്രോജക്ടുകളുടെ എണ്ണം വർദ്ധിച്ചതിന് കാരണമായത്. പൊതു വികസനത്തിന് ഉതകുന്നവിധം, വിഭവ ലഭ്യതയ്ക്കനുസരിച്ച് മുൻഗണന നിശ്ചയിക്കുന്നതിന് ശ്രദ്ധിച്ചില്ല. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രവൃത്തികളും, വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പൊതുമരാമത്ത് പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 സി എഫ് എൽ റ്റി സിയിലേക്ക് വാങ്ങിയ ഉപകരണങ്ങൾ പുനരുപയോഗിച്ചില്ല

കൊവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിലേക്ക് വാങ്ങിയ ഉപകരണങ്ങളും ഫർണ്ണിച്ചറും കൊവിഡ് കാലഘട്ടത്തിന് ശേഷം പുനരുപയോഗപ്പെടുത്തിയില്ല. 2020-21 വർഷത്തെ ചെലവു രേഖകൾ പരിശോധിച്ചതിൽ സിഎഫ് എൽ റ്റി

സിയിലേക്ക് വാങ്ങിയതും പുനരുപയോഗപ്പെടുത്താവുന്നതുമായ ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാങ്ങിയ സാധനങ്ങളുടെ വിവരം | എണ്ണം | വില | വാങ്ങിയ തീയതി |
|---|---|---|---|---|
| 1 | സ്റ്റീൽ കട്ടിൽ | 62 | 176700 | 27.07.2020 |
| 2 | സ്ട്രെച്ചർ | 1 | 12000 | 27.07.2020 |
| 3 | വീൽ ചെയർ | 1 | 6200 | 27.07.2020 |
| 4 | സ്റ്റീൽ കട്ടിൽ | 13 | 37050 | 10.08.2020 |
| 5 | വാട്ടർ പ്യൂരിഫയർ | 1 | 39530 | 26.08.2020 |
| 6 | ടെലിവിഷൻ 55 ഇഞ്ച് | 1 | 47900 | |
| 7 | ടെലിവിഷൻ 23.6 ഇഞ്ച് | 1 | 8250 | |
| 8 | ഫാൻ | 20 | 9550 | 01.08.2020 |
| 9 | ഫാൻ | 10 | 47750 | 25.08.2020 |
| 10 | Acer Desktop | 1 | 29500 | 16.03.2021 |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.15/13.03.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.വാങ്ങിയ ഉപകരണങ്ങൾ പുനരുപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 പാർട്ട്ബിൽ തുക നൽകി - മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

2021-22 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതികൾ പ്രകാരം കരാർ നൽകിയ ചുവടെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് പാർട്ട് ബിൽ തുക മാറി നൽകിയിട്ടുണ്ട്. എന്നാൽ അവ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| പ്രവൃത്തിയുടെ പേര് | നാളിതുവരെ പ്രവൃത്തിമൂല്യം | കരാറുകാരൻ | ചെയ്യാനുള്ള ബാക്കി പ്രവൃത്തി |
|---|---|---|---|
| നെല്ലിക്കുഴി മുരപ്പ് എസ്.സി കോളനി റോഡ് സംരക്ഷണഭിത്തി നിർമ്മാണം S274/22<br>600000 | 311212 | സിനിത്ത് വി | സംരക്ഷണഭിത്തി നിർമ്മാണം പൂർത്തീകരിച്ചില്ല |
| പൂവള്ളി മുരപ്പേൽ - ശ്രീധരൻപടി റോഡ് പുനരുദ്ധാരണം<br>S112/22 55<br>55000 | 11316 | സതീഷ് കുമാർ ആർ | എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഇനമായ, നടപ്പാത 9 മീറ്റർ നീളത്തിൽ കോൺക്രീറ്റിംഗ് ചെയ്തിട്ടില്ല |

ഇതിൽ ആദ്യത്തെ പ്രവൃത്തി അതിർത്തിത്തർക്കം ഉള്ളതിനാലാണ് പൂർത്തീകരിക്കാൻ കഴിയാത്തത് എന്ന് ഓഡിറ്റിന്റെ എക്സിറ്റ് മീറ്റിംഗിൽ വിശദീകരണം ലഭിച്ചു. പ്രസ്തുത പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിയ്ക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 ഭൂമി വാങ്ങുന്നതിന് ആനുകൂല്യം കൈപ്പറ്റിയവർ ഭവനനിർമ്മാണം ആരംഭിച്ചില്ല

ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തികവർഷം ലൈഫ്മിഷൻ ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പദ്ധതിയിലുൾപ്പെടുത്തി ഭൂമി വാങ്ങുന്നതിന് തുക അനുവദിച്ച 2 ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം ആരംഭിക്കുന്നതിനായി കരാറിലേർപ്പെട്ടിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട്നമ്പർ/പേര് | പേരും മേൽവിലാസവും | ഭൂമി വാങ്ങുന്നതിന് അനുവദിച്ച തുക |
|---|---|---|
| 173/22,ലൈഫ്മിഷൻ ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (ജനറൽ) | തങ്കമണി കെ.കെ<br>തച്ചമ്പറമ്പിൽ | 200000 |

| | | |
|---|---|---|
| | ,പ്രമാടം | |
| 316/22,ലൈഫ്മിഷൻ ഭ്രരഹിതർക്ക് ഭ്രമി വാങ്ങൽ(Tsp) | സുരഭി.എസ് ചരിവുകാലായിൽ കൈതക്കര | 225000 |

മേൽ ഗുണഭോക്താക്കൾ ഭൂമി വാങ്ങിയ ശേഷം നാളിതുവരെ ഭവനനിർമ്മാണം ആരംഭിക്കുന്നതിന് കരാറിലേർപ്പെടാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11 Dtd13.03.23) മറുപടി ലഭിച്ചില്ല. പ്രസ്തുത ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം ആരംഭിക്കാതിരുന്നതിന് വിശദീകരണം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 അഡ്വാൻസ് തുക കൈപ്പറ്റിയ ശേഷം ഭവനനിർമ്മാണം ആരംഭിച്ചില്ല

ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തികവർഷം ലൈഫ്മിഷൻ ഭവനനിർമ്മാണം(scp) പദ്ധതിയിലുൾപ്പെടുത്തി കരാറിലേർപ്പെട്ട് അഡ്വാൻസ് 40000/- കൈപ്പറ്റിയ ശേഷം 3 ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട്നമ്പർ/പേര് | പേരും മേൽവിലാസവും | നൽകിയ തുക | കരാർ തീയതി | ബിൽനമ്പർ/തീയതി |
|---|---|---|---|---|
| 318/22, ലൈഫ്മിഷൻ ഭവന നിർമ്മാണം (Scp) | അമ്മിണി പി തടത്തിൽ, തടത്തിൽ കോളനി, എഴുമൺ | 40000 | 05,11.2020 | 5561553 /29.09.21 |
| D0 | ജാനകി, ചെമ്പിപ്പറമ്പൽ, V.കോട്ടയം | 40000 | 03.02.2021 | 5561564 /03.11.2021 |
| 71/2022, ലൈഫ്മിഷൻ ഭവന നിർമ്മാണം (Scp) | കല്യാണി നെല്ലിക്കുഴി മുരുപ്പേൽ ഇളപ്പുപാറ | 40000 | 28.02.22 | 210510520167 01383767/19.03.22 |

മേൽ ഗുണഭോക്താക്കൾ അഡ്വാൻസ് കൈപ്പറ്റിയ ശേഷം നാളിതുവരെ ഭവനനിർമ്മാണം ആരംഭിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10dtd13.03.23) മറുപടി ലഭിച്ചില്ല. പ്രസ്തുത ഗുണഭോക്താക്കൾ ഭവനനിർമ്മാണം തുടരാത്തപക്ഷം അഡ്വാൻസ് നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷം കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നിവിടങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്ത ചുവടെ പറയുന്ന പദ്ധതികൾ പൂർത്തീകരിച്ചതായി വിനിയോഗ സാക്ഷ്യപത്രം ഇതേവരെ ലഭ്യമായില്ല.

| ക്രമ നമ്പർ | പദ്ധതിയുടെ പേര്, എസ്റ്റിമേറ്റ് തുക | ഡെപ്പോസിറ്റ് ചെയ്ത തുക | ട്രഷറി ബിൽ നമ്പർ/ UTR No, തീയതി | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | നെല്ലിടാംപാറ കുടിവെള്ളപദ്ധതിക്ക് പൈപ്പ് ലൈൻ S227/22 250000 | 250000 | UTR 1910237R022201055736/ 8.2.22 | വാട്ടർ അതോറിറ്റി, പത്തനംതിട്ട |
| 2 | ചൂരുപാറ – വേങ്ങവിള കുടിവെള്ളപദ്ധതി - വാട്ടർ പ്യൂരിഫയർ | 464100 (കോന്നി ബ്ലോക്ക് പഞ്ചായത്ത്) 138000 | BRN 11404/1.1.22 Rs 338000; UTR | ടി |

| | | | | |
|---|---|---|---|---|
| | സ്ഥാപിയ്ക്കൽ S235/22 602100 | (ഗ്രാമപ്പഞ്ചായത്ത്) | RB10782267762325/ 18.3.22 Rs 126100; 2150157R032203971884/ 27.3.22 Rs 138000 | |
| 3 | വിവിധ വാർഡുകളിൽ തെരുവുവിളക്ക് ലൈൻ സ്ഥാപിയ്ക്കൽ S229/22 448912 | 85000 (KSEB Vakayar) 363912 (KSEB Kumbazha) | PFMS Transfer On 23.3.2022 | കെ.എസ്.ഇ.ബി |
| 4 | സ്ട്രീറ്റ് മെയിൻ നീട്ടൽ - വാർഡ് 11, 12 S239/22 285000 | 285000 | UTR 46870210519/ 19.5.21 Rs 280023 UTR IBKL211216421900/ 16.12.21 Rs 4977 | ടി |
| 5 | പുത്തേത്ത് പടി - പുറത്തുട്ട്പടി കുടിവെള്ള പൈപ്പ് ലൈൻ നവീകരണം S323/22 400000 | 400000 | UTR 1910239R022201059198/ 8.2.22 | വാട്ടർ അതോറിറ്റി, പത്തനംതിട്ട |
| 6 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ നീട്ടൽ S355/22 487915 | 199715 (KSEB Kumbazha) 288200 (KSEB Vakayar) | BRN 322034/ 14.3.22 | കെ.എസ്.ഇ.ബി |

പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചതായാണ് ഓഡിറ്റ് നടത്തിയ എക്സിറ്റ് മീറ്റിംഗിൽ ബന്ധപ്പെട്ട ജനപ്രതിനിധികൾ അറിയിച്ചത്. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും, ഡെപ്പോസിറ്റ് തുക വിനിയോഗിച്ചശേഷം ബാക്കി തുക അവശേഷിയ്ക്കുന്നുണ്ടെങ്കിൽ ആയത് തിരികെ വാങ്ങേണ്ടതുമാണ്.

## 1-27 മൃഗസംരക്ഷണമേഖലയിലെ പദ്ധതികൾ- മോണിറ്ററിംഗ് നടത്തിയില്ല

2021-22 സാമ്പത്തികവർഷം വെറ്റിനറി സർജൻ മുഖേന നിർവഹിച്ച പദ്ധതികൾ പരിശോധിച്ചതിൽ പദ്ധതികൾ പൂർത്തിയായ ശേഷം മോണിട്ടറിംഗ് നടത്തിയതിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല. തൻവർഷം നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ/പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | 259/2022,കറവപ്പശുവളർത്തൽ | 165000 |
| 2 | 109/22 കാലിത്തൊഴുത്ത് നവീകരണം | 175000 |
| 3 | 77/22, മുട്ടക്കോഴി വളർത്തൽ(വനിത) | 1071000 |
| 4 | 258/22,ആട് വളർത്തൽ | 64000 |

മേൽ പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പാൽ,മുട്ട,മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുക എന്നതായിരിക്കണം മൃഗസംരക്ഷണമേഖലയിൽ ആവിഷ്കരിക്കുന്ന പദ്ധതികളുടെ മുഖ്യലക്ഷ്യം എന്ന് 13-ാം പദ്ധതിമാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഭക്ഷ്യോല്പന്നങ്ങളുടെ ഉല്പാദനവർദ്ധനവ് സാധ്യമായോ എന്നത് വിലയിരുത്തുന്നില്ല. പദ്ധതിരൂപീകരണത്തിനുശേഷം . വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും പദ്ധതിനിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. എന്നാൽ പദ്ധതിനിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പുരോഗതി വിലയിരുത്തുകയോ

റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പദ്ധതിമാർഗ്ഗനിർദ്ദേശപ്രകാരം മോണിട്ടറിംഗ് നടത്തി പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പുവരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-28 കുടിവെള്ള സൗകര്യമില്ലാതെ വലയുന്ന അങ്കണവാടികൾ

ഗ്രാമപഞ്ചായത്തിലെ 40 അങ്കണവാടികളുള്ളതിൽ 30 എണ്ണം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽതന്നെ 25 എണ്ണത്തിനു മാത്രമാണ് ചുററുമതിലുള്ളത്. 14 അംഗൻവാടികൾക്ക് മാത്രമാണ് ബേബിഫ്രണ്ട്ലി ടോയ്ലറ്റ് സകര്യമുള്ളത്. 21 അങ്കണവാടികൾക്ക് കുടിവെള്ള പൈപ്പ് ലൈൻ കണക്ഷൻ ഉണ്ടെങ്കിലും മിക്കപ്പോഴും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതുവഴി ജലക്ഷാമം പരിഹരിക്കാൻ സാധിക്കുമെന്ന് വർക്കിംഗ് ഗ്രൂപ്പിൽ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. സർക്കാർ ഉത്തരവ് നം. 39033/ഡിസി2/10/ത.സ്വ.ഭ.വ തീയതി 03.09.2010 പ്രകാരം പൂരക പോഷകാഹാര പരിപാടി നടപ്പാക്കുന്നതിന് ലഭ്യമാകുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ മുൻഗണന നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. കേന്ദ്രവിഹിതത്തിൽ ചെലവാകാതെ അവശേഷിക്കുന്ന 961648 രൂപ ഉപയോഗിച്ച് അങ്കണവാടി കെട്ടിട നിർമ്മാണം,അറ്റകുറ്റപ്പണി, മറ്റ് അടിസ്ഥാന സൗകര്യ വികസനം എന്നിവ നടത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 ഉല്പാദനമേഖലയിലെ പദ്ധതികൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തുന്നു

വനിതകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. വനിതാ ഘടക പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രോജക്ടുകൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായാണ് പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളത്. 2021-22 വർഷം വനിതാ ഘടക പദ്ധതിയിൽ ആവിഷ്കരിച്ചതും നടപ്പിലാക്കിയതുമായ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1. | 376/22 സുഭിക്ഷകേരളം പച്ചക്കറിക്കൃഷി(വനിത) | 450000 | 400000 |
| 2. | 77/22,മുട്ടക്കോഴി വളർത്തൽ(വനിത) | 1656000 | 1071000 |

മേൽപ്പറഞ്ഞ പ്രോജക്ടുകൾ എല്ലാം തന്നെ വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ വരുമാനം വർദ്ധിപ്പിക്കാൻ ഉതകുന്നവയാണ്. ഇത്തരത്തിൽ വനിതകൾക്കും പുരുഷന്മാർക്കും ഒരു പോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തരുതെന്ന് മാർഗ്ഗരേഖയിലെ ഖണ്ഡിക 6.3(10)iii ൽ നിഷ്കർഷിച്ചിട്ടുണ്ട്.

ജൻഡർ ബജറ്റിംഗ് നടത്താതെയാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. സ്ത്രീ സമത്വത്തിനു വേണ്ട വിഭവവും വൈഭവവും പ്രവൃത്തിയിൽ വരുന്നുണ്ടോ എന്ന് കൃത്യമായി അവലോകനം ചെയ്യാനുള്ള വ്യക്തവും സുതാര്യവുമായ മാർഗ്ഗമാണ് ജൻഡർ ബജറ്റിംഗ്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ വനിതാ ഘടകപദ്ധതി തയ്യാറാക്കിയതിനാൽ പഞ്ചായത്തിന് ഈ മേഖലയിൽ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാർമാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടുമാത്രം വരും വർഷങ്ങളിൽ പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 ജെന്റർ റിസോഴ്സ് സെന്റർ തുടർ പ്രവർത്തനങ്ങൾ - ചെലവഴിക്കാത്ത വികസനഫണ്ട് സി ഡി എസ്സ് അക്കൗണ്ടിൽ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി ജെന്റർ റിസോഴ്സ് സെന്റർ തുടർ പ്രവർത്തനങ്ങൾക്കായി വികസന ഫണ്ടിൽ നിന്നും 50000രൂപ (ബിൽ നമ്പർ 200 18/12/2021)വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുകയും(203/2022) തുക ഗ്രാമപഞ്ചായത്ത് സി.ഡി.എസിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക്21-12-2021 ൽ കൈമാറുകയും ചെയ്തിരുന്നു. ഇതിൽ സിഡിഎസ്സ് മെമ്പർമാർ, എഡിഎസ്സ് സെക്രട്ടറിമാർ എന്നിവർക്കുള്ള പരിശീലനത്തിനായി തൻ വർഷം 24800 രൂപ ചെലവഴിച്ചിട്ടുണ്ട്. അവശേഷിച്ച തുകയായ 25200 രൂപ സിഡിഎസ്സ് അക്കൗണ്ടിൽ നിഷ്ക്രിയമായി ശേഷിക്കുന്നു. ജി ഒ (പി) നം. 119/2015/ഫിൻ തീയതി 21.03.2015 ധന വിനിയോഗ മാർഗ്ഗരേഖ പ്രകാരം ലഭ്യമായ വികസന ഫണ്ട് വിനിയോഗിക്കാത്ത പക്ഷം അതേ വർഷമാണെങ്കിൽ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിലേക്കും അല്ലാത്ത പക്ഷം കൺസോളിഡേറ്റഡ് ഫണ്ടിലേക്കും തിരിച്ചടയ്ക്കേണ്ടതാണ്. സി ഡി എസ്സ് അക്കൗണ്ടിൽ നിഷ്ക്രിയമായി ശേഷിക്കുന്ന തുക അടിയന്തിരമായി ചെലവഴിക്കാത്ത പക്ഷം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. ഈ വിഷയത്തിൽ

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-31 ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി പ്രത്യേക അക്കൗണ്ട് ആരംഭിച്ചില്ല

എസ്.ബി.ഐ യിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ പ്രത്യേകം അക്കൗണ്ട് തുടങ്ങുന്നതിന് 2.10.2017 ലെ ജി.ഓ(എം.എസ്) 3186/ 2017/LSGD നമ്പർ ഉത്തരവ് മുഖേന സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇതേവരെ ഇപ്രകാരം അക്കൗണ്ട് ആരംഭിച്ചില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസ് ജില്ലാപ്പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്ന രീതിയാണ് തുടർന്ന് വരുന്നത്. 2020-21 വരെയുള്ള ഇ-ടെണ്ടർ ഫീസ് 2022-23 ൽ ജില്ലാപ്പഞ്ചായത്തിൽ നിന്ന് തിരികെ ലഭിച്ചിട്ടുണ്ട്.

സർക്കാരിന്റെ നിർദ്ദേശപ്രകാരം ഇ-ടെണ്ടർ ഫീസിനായി പ്രത്യേക അക്കൗണ്ട് അടിയന്തിരമായി ആരംഭിയ്ക്കേണ്ടതാണ്.

## 1-32 സർക്കാർ നിർദ്ദേശം പാലിക്കാതെ പത്രപ്പരസ്യം നൽകുന്നതു മൂലം അധികച്ചെലവ് ഉണ്ടാകുന്നു

പൊതുഭരണ വകുപ്പിന്റെ 01.01.04 ലെ സ.ഉ(അച്ചടി)01/04 ഐ ആന്റ് പി ആർ, 21.06.04 ലെ സർക്കുലർ നം. 7441/D-1/04/ ഐ ആന്റ് പി ആർ എന്നിവ പ്രകാരം ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ രണ്ട് കോളം, മൂന്ന് സെന്റീമീറ്റർ വലിപ്പത്തിൽ ആയിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ വിൻഡോ പരസ്യം നൽകാതിരുന്നത് മൂലം പത്രപ്പരസ്യം നൽകുന്നതിന് അധികചെലവ് ഉണ്ടാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പരസ്യം നൽകിയ ഇനം,പത്രത്തിന്റെ പേര് | നിരക്ക് | പരസ്യത്തിന്റെ അളവ് | ചെലവായ തുക,ചെക്ക് നമ്പർ/തീയതി | ചെലവാക്കാവുന്ന തുക | അധികം ചെലവാക്കിയ തുക |
|---|---|---|---|---|---|---|
| 1. | ദേശാഭിമാനി | 270/ച.സെ.മീ | 5X8ച സെമീ | (5X8)X270=10800<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)- 1620<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -9180<br>(+)ജി.എസ്സ്.ടി- 5%- 459<br>നൽകിയ തുക - 9639<br>ചെക്ക് നമ്പർ- 5793/ 15.02.2022 | (8X3)X270=6480<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)- 972<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-5508<br>(+)ജി.എസ്സ്.ടി- 5%- 275<br>നല്കേണ്ട തുക - 5783 | 3856 |
| 2. | വിൻഡോ പരസ്യം | 245/ച.സെ.മീ | 3.8X7 | (3.8X7)X245=6517<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)- 977<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -5540<br>(+)ജി.എസ്സ്.ടി- 5%- 277<br>നൽകിയ തുക -5816 | (8X3)X245=5880<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)- 882<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-4998<br>(+)ജി.എസ്സ്.ടി- 5%- 250<br>നല്കേണ്ട തുക - 4748 | 1068 |

| | | | | | | |
|---|---|---|---|---|---|---|
| | | | | ചെക്ക് നമ്പർ-5740/08.12.2021 | | |

പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾക്ക് വേണ്ടി വിനിയോഗിക്കേണ്ടിയിരുന്ന ഫണ്ടാണ് ഇത്തരത്തിൽ അധികമായി ചെലവഴിച്ചത്. സർക്കാർ നിർദ്ദേശം പാലിച്ച് മാത്രം ഭാവിയിൽ പത്രപ്പരസ്യം നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്റ്റ്നമ്പർ/പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 161000 | 130/22,ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 161000 | 0 |
| ജില്ലാപഞ്ചായത്ത് | 217046 | 49/22, അനുപൂരകപോഷകാഹാരപരിപാടി | 217046 | 0 |
| ജില്ലാപഞ്ചായത്ത് | 244170 | 305/22, ടേക്ക് എ ബ്രേക്ക് ടോയ്ലറ്റ് | 244170 | 0 |
| ബ്ളോക്ക്പഞ്ചായത്ത് | 97400 | 67/22,വയോജനങ്ങൾക്ക് കട്ടിൽ നൽകൽ | 97400 | 0 |
| ബ്ളോക്ക്പഞ്ചായത്ത് | 215696 | 49/22, അനുപൂരകപോഷകാഹാരപരിപാടി | 215696 | 0 |
| ബ്ളോക്ക്പഞ്ചായത്ത് | 200000 | 62/22,ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ബ്ളോക്ക്പഞ്ചായത്ത് | 100000 | 39/22,ഫലവൃക്ഷകൃഷി വികസനം | 100000 | 0 |
| ബ്ളോക്ക്പഞ്ചായത്ത് | 750000 | 130/22,ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 750000 | 0 |
| ബ്ളോക്ക്പഞ്ചായത്ത് | 2840000 | 318/22,ലൈഫ് ഭവനപദ്ധതിSC (എസ് സിപി) | 2840000 | 0 |
| ബ്ളോക്ക്പഞ്ചായത്ത് | 40000 | 317/22,ലൈഫ് ഭവനപദ്ധതിSC (ജനറൽ) | 40000 | 0 |
| ബ്ളോക്ക് പഞ്ചായ | 138000 | 316/22,ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ SC(റ്റി എസ് പി) | 138000 | 0 |
| ബ്ളോക്ക്പഞ്ചായത്ത് | 51000 | 7/22,നെൽകൃഷി വികസനം | 51000 | 0 |
| ബ്ളോക്ക്പഞ്ചായത്ത് | 200000 | 376/22,സുഭിക്ഷകേരളം പച്ചക്കറികൃഷി (വനിത) | 200000 | 0 |
| ബ്ളോക്ക്പഞ്ചായത്ത് | 95510 | 214/22,കോവിഡ്പ്രതിരോധപ്രവർത്തനങ്ങൾ | 95510 | 0 |
| ബ്ളോക്ക്പഞ്ചായത്ത് | 487915 | 355/22, വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 487915 | 0 |
| ബ്ളോക്ക്പഞ്ചായത്ത് | 350000 | 305/22, ടേക്ക് എ ബ്രേക്ക് ടോയ്ലറ്റ് | 350000 | |

| | | | | |
|---|---|---|---|---|
| ബ്ളോക്ക്പഞ്ചായത്ത് | 150000 | 314/22,ക്ഷീരകർഷകർക്ക് കാലിത്തീറ്റ ഇൻസെന്റീവ് | 150000 | 0 |
| ബ്ളോക്ക്പഞ്ചായത്ത് | 105000 | 12/22,ആശ്രയപദ്ധതി | 105000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ, വിനിയോഗം എന്നിവയുടെ വിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി | 5051387 | 3379387 | 2244000 | | 1135387 |

## 4-5 സ്ഥിരനിക്ഷേപം

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | പത്തനംതിട്ട ജില്ലാ സഹകരണബാങ്ക് മല്ലശ്ശേരി ശാഖ | 02.07.21 | 12 Months | 5000000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2014-15 | 2-1 | 2016-17 | തൊഴിൽ നികുതി അപാകതകൾ | നടപടികൾ തുടരുന്നു. |
| 2015-16 | 2-6 | 2016-17 | തൊഴിൽ നികുതി അപാകതകൾ | നടപടികൾ തുടരുന്നു. |

## 4-8 ചാർജ്/സർച്ചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 129289688.86 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 102645495 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടിന്റെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1997-98 | എൽ.എഫ്.പി.റ്റി.എ-പി2.603/05, തീയതി 04.01.2006 | 1 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി2.251/2000, തീയതി 24.11.2001 | 3 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി3/157/2008, തീയതി 27.03.2008 | 1 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി3/158/2008, തീയതി 27/03/2008 | |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി2-387/2005 തീയതി 01/10/2005 | 3 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി3/558/06, തീയതി 05.09.07 | 2 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി9/751/08, തീയതി 05.05.10 | 3 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി9/246/10, തീയതി 08.12.2010 | 11 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി10/209/11, തീയതി 30.10.12 | 2 |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി9.1112/12, തീയതി 15.03.2014 | 3 |

| | | |
|---|---|---|
| 2011-12 മുതൽ 2012-13 വരെ | എൽ.എഫ്.പി.റ്റി.എ-പി9-539/14, തീയതി 06.11.2014 | 6 |
| 2013-14 മുതൽ 2014-15 വരെ | കെ.എസ്.എ.പി.റ്റി.എ-പി9-149/16, തീയതി 10.02.2016 | 10 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി9/1228/16, തീയതി 02.12.2016 | 4 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി9/954/2017, തീയതി 29.08.2017 | 4 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി9/1576/2018 തീയതി 05.01.2019 | 4 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.9/177/2020, തീയതി 07.05.2020 | 4 |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.9/172/2022, തീയതി 16.03.2022 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.9/173/2022, തീയതി 31.03.22 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്